# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.03.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പാർലമെന്റിന്റെ ഇരുസഭകളും നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു. ലോക്സഭയും രാജ്യസഭയും തിങ്കളാഴ്ച വീണ്ടും ചേരും. വിരമിക്കുന്ന 59 അംഗങ്ങൾക്ക് യാത്ര അയപ്പ് നൽകി രാജ്യസഭ.
   **Both houses of Parliament have completed their proceedings and adjourned for today. The Lok Sabha and Rajya Sabha will reconvene on Monday. Rajya Sabha bids farewell to 59 retiring members.**

2. നാല് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിലും സുഗമമായ നിയമസഭാ തിരഞ്ഞെടുപ്പ് ഉറപ്പുവരുത്തുന്നതിനായി 25 ലക്ഷത്തിലധികം ഉദ്യോഗസ്ഥരെ നിയോഗിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ.
   **The Election Commission has deployed over 25 lakh officials to ensure smooth assembly elections in four states and the Union Territory of Puducherry.**

3. കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള സ്ഥാനാർത്ഥി പ്രഖ്യാപനം തുടർന്ന് രാഷ്ട്രീയ പാർട്ടികൾ. വോട്ടെടുപ്പിന് ഇനി 22 ദിവസം.
   **Political parties announce candidates for the Kerala assembly elections. 22 days left for voting.**

4. രാജ്യത്ത് അസംസ്കൃത എണ്ണ ലഭ്യത സാധാരണ നിലയിലാണെന്ന് കേന്ദ്ര സർക്കാർ. അസംസ്കൃത

എണ്ണയുമായി ഒരു ഇന്ത്യൻ കപ്പൽ കൂടി മുന്ദ്ര തുറമുഖത്തെത്തി.

**The Central government has said that the availability of crude oil in the country is normal. Another Indian ship carrying crude oil has arrived at Mundra port.**

5. സേവന ഏകീകരണം, സുതാര്യത എന്നിവ ഉറപ്പാക്കുന്നതിന് വിമാന കമ്പനികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് വ്യോമയാന മന്ത്രാലയം.

   **The Ministry of Civil Aviation has issued guidelines for airlines to ensure service integration and transparency.**

6. ഹൊർമുസ് കടലിടുക്കിന് സമീപം ഇറാന്റെ മിസൈൽ സംവിധാനങ്ങൾക്ക് നേരെയുണ്ടായ യു.എസ് ആക്രമണത്തെ തുടർന്ന് പശ്ചിമേഷ്യൻ സംഘർഷം രൂക്ഷം.

   **Tensions in the Middle East have escalated following a US attack on Iranian missile systems near the Strait of Hormuz.**

## PARLIAMENT TODAY

പാർലമെൻറിൻറെ ഇരുസഭകളും നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു. ലോക്സഭയും രാജ്യസഭയും തിങ്കളാഴ്ച വീണ്ടും ചേരും. കാലാവധി പൂർത്തിയാക്കിയ 9 വനിതകൾ ഉൾപ്പെടെ 59 അംഗങ്ങൾക്ക് രാജ്യസഭ യാത്ര അയപ്പ് നൽകി. 20 സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ് വിരമിച്ചത്. ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് വിഷയം പരിശോധിക്കുന്ന സംയുക്ത പാർലമെന്ററി സമിതിയുടെ കാലാവധി ലോക്സഭ ദീർഘിപ്പിച്ചു. വർഷകാല സമ്മേളനത്തിലെ അവസാന ആഴ്ചയിലെ ആദ്യ ദിവസം വരെയാണ് നീട്ടിയത്. സമിതി അധ്യക്ഷൻ പി.വി.ചൌധരി അവതരിപ്പിച്ച പ്രമേയം ശബ്ദവോട്ടോടെ സഭ പാസാക്കുകയായിരുന്നു.

## PARLIAMENT STANDING COMMITTEE

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ വിദേശകാര്യ പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റിയുടെ യോഗം പാർലമെന്റ് മന്ദിരത്തിൽ ചേർന്നു. വിദേശകാര്യ മന്ത്രാലയ പ്രതിനിധികൾ ഇന്ത്യൻ പൗരൻമാരുടെ സുരക്ഷ സംബന്ധിച്ച വിവരങ്ങൾ സമിതിയെ ധരിപ്പിക്കും. മുതിർന്ന കോൺഗ്രസ് എം പി ശശി തരൂരാണ് സമിതിയുടെ അധ്യക്ഷൻ.

❁❁❁❁❁❁❁❁❁❁❁❁❁

## GUJARAT – JAG LADKI ARRIVED

81,000 മെട്രിക് ടൺ അസംസ്കൃത എണ്ണയുമായി ഇന്ത്യൻ കപ്പലായ ജഗ് ലഡ്കി ഗുജറാത്തിലെ മുന്ദ്ര തുറമുഖത്തെത്തി. യു.എ.ഇ യിൽ നിന്നാണ് അസംസ്കൃത എണ്ണ എത്തിച്ചത്. നേരത്തെ എൽ.പി.ജി യുമായി ശിവാലിക്, നന്ദാദേവി എന്നീ കപ്പലുകൾ ഗുജറാത്തിലെ തുറമുഖങ്ങളിൽ എത്തിയിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## SUJATHA SARMA (INTRO)

രാജ്യത്ത് അസംസ്കൃത എണ്ണ ലഭ്യത സാധാരണ നിലയിലാണെന്നും എണ്ണ ശുദ്ധീകരണശാലകൾ പരമാവധി ശേഷിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും കേന്ദ്ര സർക്കാർ. പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ ന്യൂഡൽഹിയിൽ പെട്രോളിയം പ്രകൃതിവാതക മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ്മയാണ് ഇക്കാര്യം അറിയിച്ചത്. എൽ.പി.ജി ഉത്പാദനം 40 ശതമാനം വർധിപ്പിച്ചതായും ശ്രീമതി സുജാത ശർമ്മ പറഞ്ഞു.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## COMMERCIAL LPG REFORM

പശ്ചിമേഷ്യൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാനങ്ങൾക്കുള്ള വാണിജ്യ എൽ പി ജികളുടെ വിഹിതം 20 നിന്ന് 30 ശതമാനമായി വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാർ. എൽ പി ജിയിൽ നിന്നും പി എൻ ജിയിലേക്കുള്ള ദീർഘകാല മാറ്റത്തിന് ഇത് സഹായകമാകുമെന്ന് ചീഫ് സെക്രട്ടറിമാർക്ക് അയച്ച കത്തിൽ പെട്രോളിയം - പ്രകൃതിവാതക മന്ത്രാലയം സെക്രട്ടറി നീരജ് മിത്തൽ അറിയിച്ചു. എൽപിജി ഉപഭോഗം കുറയ്ക്കുന്നതിനും, പിഎൻജി വ്യാപനം വർധിപ്പിക്കുന്നതിനും പരിഷ്കരണങ്ങൾ ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## US-IRAN-MIDEAST-ESCALATION

ആഗോള എണ്ണ വിതരണത്തിൽ നിർണായക സ്ഥാനമുള്ള ഹൊർമുസ് കടലിടുക്കിന് സമീപം ഇറാന്റെ മിസൈൽ സംവിധാനങ്ങൾക്ക് നേരെ യു.എസ് ആക്രമണം നടത്തിയതോടെ പശ്ചിമേഷ്യൻ സംഘർഷം കൂടുതൽ രൂക്ഷമായി. ഇറാനിലെ ബുഷെർ ആണവ കേന്ദ്രത്തിന് സമീപവും ആക്രമണമുണ്ടായി. അതേസമയം രാജ്യത്തേക്ക് വന്ന ബാലിസ്റ്റിക് മിസൈൽ സൗദി പ്രതിരോധിച്ചെങ്കിലും അവശിഷ്ടങ്ങൾ പ്രിൻസ് സുൽത്താൻ വ്യോമത്താവളത്തിന് സമീപം വീണു. എന്നാൽ ആളപായമില്ല.

☸☸☸☸☸☸☸☸☸☸☸☸☸

## ISRAEL STRIKES-LEBANON

ലെബനന് നേരെ ഇസ്രായേൽ നടത്തിയ ആക്രമണത്തിൽ ആറ് പേർ കൊല്ലപ്പെട്ടു. 24 പേർക്ക് പരിക്കേറ്റു. മുന്നറിയിപ്പുകൾ ഇല്ലാതെയാണ് ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ ഇസ്രായേൽ ആക്രമണം നടത്തിയതെന്ന് ലെബനൻ അറിയിച്ചു.

## PM - KUWAIT PRINCE

പ്രധാനമന്ത്രി നരേന്ദ്രമോദി കുവൈറ്റ് കിരീടാവകാശിയുമായി ടെലിഫോണിൽ സംഭാഷണം നടത്തി. പശ്ചിമേഷ്യയിലെ സമീപകാല സംഭവവികാസങ്ങളിൽ പ്രധാനമന്ത്രി ആശങ്ക പ്രകടിപ്പിച്ചു. കുവൈറ്റിന്റെ പരമാധികാരത്തിനും പ്രാദേശിക സമഗ്രതയ്ക്കും നേരെയുള്ള ആക്രമണങ്ങളെ ഇന്ത്യ അപലപിക്കുന്നതായി അദ്ദേഹം പറഞ്ഞു.

## CIVIL AVIATION

യാത്രക്കാരുടെ സൗകര്യം, സേവനങ്ങളിലെ ഏകീകരണം, സുതാര്യത എന്നിവ ഉറപ്പാക്കുന്നതിന് കേന്ദ്ര വ്യോമയാന മന്ത്രാലയം വിമാന കമ്പനികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. വിമാനങ്ങളിൽ കുറഞ്ഞത് 60 ശതമാനം സീറ്റുകളെങ്കിലും അധിക ചാർജ് ഈടാക്കാതെ യാത്രക്കാർക്ക് അനുവദിക്കണമെന്ന് മാർഗ്ഗനിർദേശത്തിൽ പറയുന്നു. ഒരേ പിഎൻആറിൽ യാത്ര ചെയ്യുന്നവരെ അടുത്തടുത്ത സീറ്റുകളിൽ ഒരുമിച്ച് ഇരുത്താനുള്ള സൗകര്യങ്ങൾ ഒരുക്കണം. കായിക ഉപകരണങ്ങളും സംഗീതോപകരണങ്ങളും കൊണ്ടു പോകുന്നതിന് സുഗമമായ മാർഗങ്ങൾ സ്വീകരിക്കണമെന്നും നിർദേശം നൽകിയിട്ടുണ്ട്.

## RIYADH-EMERGENCY

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമാകുന്ന സാഹചര്യത്തിൽ, അറബ്, ഇസ്ലാമിക രാജ്യങ്ങളിൽ നിന്നുള്ള വിദേശകാര്യ

മന്ത്രിമാരുടെ അടിയന്തര യോഗം ഇന്ന് സൗദി അറേബ്യയിലെ റിയാദിൽ ചേരും. രാജ്യങ്ങൾക്കു ഇടയിലുള്ള ഏകോപനം ശക്തിപ്പെടുത്തുന്നതിനും പ്രാദേശിക സുരക്ഷയും സ്ഥിരതയും ഉറപ്പുവരുത്തുന്നതിനുമാണ് യോഗം ലക്ഷ്യമിടുന്നതെന്ന് സൗദി അധികൃതർ അറിയിച്ചു. ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ കുറിച്ചും ചർച്ച നടത്തും.

☸☸☸☸☸☸☸☸☸☸☸☸☸

## SCINDIA - 6G ( intro)

6-ജി മൊബൈൽ ശൃംഖലയ്ക്കുള്ള പ്രവർത്തനങ്ങളുമായി ഇന്ത്യ മുന്നോട്ട് പോകുകയാണെന്ന് കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. ന്യൂഡൽഹിയിൽ 6-ജിയുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച അന്താരാഷ്ട്ര ശിൽപശാലയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ടെലികോം മേഖലയിൽ ഏറെ മുന്നേറുന്ന ഇന്ത്യയിൽ പ്രതിമാസം

20 ബില്ല്യൺ ഡിജിറ്റൽ ഇടപാടുകളാണ് നടക്കുന്നതെന്നും ശ്രീ. ജ്യോതിരാദിത്യ സിന്ധ്യ അറിയിച്ചു.

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## EC OFFICIALS DEPLOYMENT

നാല് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിലും വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനായി 25 ലക്ഷത്തിലധികം ഉദ്യോഗസ്ഥരെ നിയോഗിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. 832 നിയമസഭാ മണ്ഡലങ്ങളിലായി 1000 -ത്തിലധികം കേന്ദ്ര നിരീക്ഷകരെയും നിയോഗിച്ചിട്ടുണ്ട് . 557 പൊതു നിരീക്ഷകരും, 188 പോലീസ് നിരീക്ഷകരും, 366 ചെലവ് നിരീക്ഷകരും ഇതിൽ ഉൾപ്പെടുന്നു.

വോട്ടെണ്ണലിനായി 15,000 മൈക്രോ നിരീക്ഷകരെയും കമ്മീഷൻ നിയോഗിച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## KERALA ELECTION

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള സ്ഥാനാർത്ഥി പ്രഖ്യാപനം തുടർന്ന് രാഷ്ട്രീയ പാർട്ടികൾ. പ്രചാരണ പ്രവർത്തനങ്ങളും രാഷ്ട്രീയ പാർട്ടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. പ്രമുഖ പാർട്ടികളെല്ലാം തന്നെ ആദ്യഘട്ട സ്ഥാനാർത്ഥി പട്ടിക ഇതിനകം പുറത്തിറക്കി. സിപിഐഎം 81സ്ഥാനാർത്ഥികളുടെയും, കോൺഗ്രസ് 55 പേരുടെയും, ബിജെപി 47 സ്ഥാനാർത്ഥികളുടെയും പട്ടികയാണ് കഴിഞ്ഞ ദിവസങ്ങളിൽ പുറത്തിറക്കിയത്. 25 മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികളെ സിപിഐ-യും, മുസ്ലിം ലീഗും കഴിഞ്ഞ ദിവസങ്ങളിൽ പ്രഖ്യാപിച്ചിരുന്നു. ഈ മാസം 23 വരെയാണ് പത്രിക സമർപ്പിക്കാനുള്ള സമയപരിധി. ഏപ്രിൽ ഒൻപതിനാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ മെയ് നാലിന് നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## EXPENDITURE MONITERING

നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സ്ഥാനാർത്ഥികളുടെ വരവ് ചെലവ് നിരീക്ഷിക്കുന്നതിനും സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് ഉറപ്പ് വരുത്തുന്നതിനുമായി ഇലക്ഷൻ എക്സ്പെൻഡിച്ചർ മോണിറ്ററിങ് സംവിധാനം തിരുവനന്തപുരം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു. തിരഞ്ഞെടുപ്പ് ചെലവ് നിരീക്ഷകർ, ഫ്ലയിങ് സ്ക്വാഡ്, സ്റ്റാറ്റിക് സർവെയലൻസ് ടീം, വീഡിയോ സർവെയ്ലൻസ് ടീം എന്നീ സംവിധാനങ്ങളാണ് പ്രവർത്തനം തുടങ്ങിയത്.

❁❁❁❁❁❁❁❁❁❁❁❁❁

## C VIGIL APP- POLICE OBES (INTRO)

കേരളത്തിൽ തിരഞ്ഞെടുപ്പു പ്രചാരണത്തോട് അനുബന്ധിച്ച് സി വിജിൽ ആപ് വഴി ലഭിക്കുന്ന പരാതികളിൽ 100 മിനിറ്റിനുള്ളിൽ പരിഹാരം ലഭ്യമാക്കാൻ നടപടികൾ ആരംഭിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## THUNDERSTORM WARNING

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും നാളെയും ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത. ഇടിമിന്നൽ സാധ്യത മനസ്സിലാക്കാൻ കേന്ദ്ര കാലാവസ്ഥ വകുപ്പ് തയ്യാറാക്കിയിട്ടുള്ള 'ദാമിനി' മൊബൈൽ ആപ്ളിക്കേഷൻ ഉപയോഗിക്കാവുന്നതാണ്. വിവിധ ജില്ലകളിൽ ഇന്ന് താപനില ഉയരാനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## BLIND FEDERATION

കേരളാ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് കാഴ്ചപരിമിതരുടെ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. റീജണൽ കാൻസർ സെന്ററിലേക്കുള്ള ക്യാമ്പാണ് സംഘടിപ്പിച്ചത്.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸